**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 27** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഗ്രാഫീൻ അറോറ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗ്രാഫീൻ അറോറ പദ്ധതിനിർവ്വഹണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം ഏജൻസികളാണ് സഹകരിച്ച് പ്രവർത്തിക്കാൻ തയ്യാറായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഭാവിയിലെ മെറ്റീരിയൽ സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് ഒരു ഗ്രാഫീൻ ഇക്കോസിസ്റ്റം സ്ഥാപിക്കും എന്ന് 2022-23 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. നിർദിഷ്ട ഗ്രാഫീൻ എക്കോസിസ്റ്റത്തിന്റെ ഭാഗമായി 'ഗ്രാഫീൻ അറോറ" പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതി സംസ്ഥാന സർക്കാരിന്റെയും, കേന്ദ്ര ഇലക്ട്രോണിക്സ് & ഐ.ടി മന്ത്രാലയത്തിന്റെയും (MeitY), വ്യവസായ പങ്കാളികളുടെയും സഹകരണത്തോടെ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഏജൻസികളുമായി ഗ്രാഫീൻ അറോറ പദ്ധതിയുടെ ചെലവ് സംബന്ധിച്ച് ധാരണയിൽ എത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പദ്ധതിയ്ക്ക് 94.85 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 37.63 കോടി രൂപ കേന്ദ്ര ഇലക്ട്രോണിക്സ് & ഐ.ടി മന്ത്രാലയവും (MeitY), 47.22 കോടി രൂപ സംസ്ഥാന സർക്കാരും വഹിക്കുന്നതിനും 10 കോടി രൂപ വ്യവസായ പങ്കാളികളിൽ നിന്നും സമാഹരിക്കുന്നതിനും ധാരണയിലെത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതി ഏത് വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് നടപ്പിലാക്കുന്നത്; | (സി) | സംസ്ഥാനത്ത് ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകപ്പിന്റെ കീഴിലുള്ള കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ & ടെക്നോളജി (ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള ) മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | പൊതു-സ്വകാര്യ പങ്കാളിത്തവ്യവസ്ഥയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും വ്യവസായ പങ്കാളികളുടെയും സഹകരണത്തോടെ പൊതു-സ്വകാര്യ പങ്കാളിത്തവ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ